

alps Ka

# കെ.എസ്.എം.എം.

# എ.എൽ.പി.എസ്.

# കഴുത്തല്ലൂർ

# അടിസ്ഥാന വിവരങ്ങൾ

**സ്കൂളിന്റെ പേര് : കെ.എസ്.എം.എം.എ.എൽ.പി.എസ്.കഴുത്തല്ലൂർ**

**മേൽവിലാസം : തിരൂർ റോഡ്,കുറ്റിപ്പുറം. കുറ്റിപ്പുറം [പി ഒ]**

**പിൻ :679571**

**ഫോൺ : 9567444418**

**സ്കൂൾ കോഡ് : 19323**

**വിദ്യാഭ്യാസ ഉപജില്ല: കുറ്റിപ്പുറം**

**വിദ്യാഭ്യാസ ജില്ല :തിരൂർ**

**റവന്യൂ ജില്ല:മലപ്പുറം**

**ബി ആർ സി :കുറ്റിപ്പുറം**

**ഗ്രാമ പഞ്ചായത്ത്:കുറ്റിപ്പുറം**

**ഇ മെയിൽ:ksmmalps@gmail.com**

**എസ് ആർ ജി കൺവീനർ : സഫ്ന ടീച്ചർ**

**സ്കൂൾ മാനേജർ : ആലുക്കൽ ഹംസ**

**പി ടി എ പ്രസിഡണ്ട് : ശ്രീനിവാസൻ വി.കെ**

ksmm alps kazhuthallur

# ആമുഖം

കുറ്റിപ്പുറം സബ് ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിൽ 15-ആം വാർഡിൽ 1935 ൽ ആരംഭിച്ചഈ വിദ്യാലയം ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലായി 162 കുട്ടികളും പ്രീ പ്രൈമറിവിഭാഗത്തിൽ 66 കുട്ടികളും ഉൾക്കൊള്ളുന്നു.  ഈവിദ്യാലയത്തിൽ പരിമിതമായ ഭൗതികസാഹചര്യങ്ങൾ ആണെങ്കിലും അക്കാദമികമികവിൽ മുൻപന്തിയിലാണ്. 8 സ്ഥിരംഅധ്യാപകരും പ്രീ പ്രൈമറിയിൽ 2 ടീച്ചറും ഒരു ആയയും ഒരു പാചക തൊഴിലാളിയും ഇവിടെ ജോലി ചെയ്യുന്നു.2024 25 അധ്യായന വർഷത്തിൽ ശാസ്ത്രഗണിതശാസ്ത്ര-പ്രവർത്തിപരിചയമേളയിലും,കലാമേളയിലും മികവ് തെളിയിക്കുവാൻ ഈവിദ്യാലയത്തിലെ കുട്ടികൾക്ക്കഴിഞ്ഞിട്ടുണ്ട്.എൽഎസ്എസ്

നേടുവാൻ ഒരു വിദ്യാർഥിക്ക് കഴിഞ്ഞു.

kshm alps kazhuthallur

# ലക്ഷ്യങ്ങൾ

1. തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ എല്ലാ കുട്ടികൾക്കും തുല്യവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികളും കരിക്കുലം ലക്ഷ്യമാക്കുന്ന പഠനശേഷി കൈവരിക്കുക.
3. ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കുക
4. ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വളർത്തുക
5. ശാസ്ത്ര-ഗണിത പ്രവർത്തനങ്ങൾ
6. രസകരവും ലളിതവും ആകുന്ന രീതി
7. ആവിഷ്കരിക്കുക.
8. കുട്ടികളുടെ ശാരീരികവും മാനസികവുമായ
9. ഉല്ലാസം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ നൽകുക.
10. കുട്ടികളിൽ നേതൃഗുണം പരസ്പര സഹകരണം സാമൂഹ്യബോധം എന്നീ ഗുണങ്ങൾ രൂപീകരിക്കുക.

ksmm alps kazhuthallur

# നിലവിലെ അവസ്ഥ

**90 വർഷത്തിനുമേൽ പഴക്കമുള്ള ഈ സ്കൂളിൽ 12 ക്ലാസ് മുറികൾ ഉണ്ട്. എല്ലാ ക്ലാസിലും ലാപ്ടോപ്പും രണ്ടു ക്ലാസുകളിൽ പ്രൊജക്ടർ സൗകര്യവുമുണ്ട്. ആഴ്ചയിൽ എല്ലാ ദിവസം സ്കൂൾ അസംബ്ലി നടത്തിവരുന്നു. ദിനാചരണങ്ങൾ ഓരോ ക്ലബ്ബും ഏറ്റെടുത്ത് ഭംഗിയായി നടത്തുന്നു.**

ksmm alps kazhuthallur

# പ്രവർത്തന പദ്ധതികൾ

- എല്ലാ ആഴ്ചയിലും അക്കാദമിക വിലയിരുത്തലിനായി എസ് ആർ ജി യോഗങ്ങൾ ചേരുന്നു.
- പി ടി എ, എസ് എം സി എന്നിവയുടെ സജീവമായ പങ്കാളിത്തം.
- പൂർവ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സഹായസഹകരണങ്ങൾ ലഭ്യമാകുന്നു.
- ഐ.സി.ടി പ്രവർത്തനങ്ങൾ ഓരോ ക്ലാസിനും നൽകുന്നു.

ksmm alps kazhuthallur

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | വിജ്ഞാന കൗതുകം | പൊതുവിജ്ഞാനം നൽകാൻ ഉതകുന്ന ചോദ്യങ്ങൾ നൽകുന്നു. ഉത്തരം കണ്ടെത്താൻഅവസരം നൽകുന്നു. | ആഴ്ചയിൽ 2 ചോദ്യം. | എസ് ജി | ആർ |
| 2 | കലാകായിക- പ്രവർത്തി പരിചയം | കുട്ടികളുടെ കായിക വളർച്ചയ്ക്ക് ആവശ്യമായപ്രവർത്തനങ്ങൾ ചെയ്ത് വരുന്നു.പ്രവർത്തി പരിചയ മേളയിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകൽ. | വർഷം മുഴുവൻ | എസ് ജി | ആർപി ടി എ |
| 3 | ഫീൽഡ് ട്രിപ്പ് | ഓരോ ക്ലാസ്സിനും അനുയോജ ്യ മായ തരത്തിൽ. | വർഷം മുഴുവൻ | എസ് ജി | ആർപി ടി എ |

ksmm alps kazhuthallur

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | വായിക്കാനും എഴുതാനും പിന്നോക്കമുള്ള കുട്ടികളെ അക്ഷരമറിയുന്നവരാക്കിമാറ്റി,എഴുതാനും വായിക്കാനും കഴിയുന്നവരാവുക. | വായനാകാർഡ്,അക്ഷരക്കാർഡ്,പദക്കാർഡ്,എന്നിവ ഉപയോഗിച്ചു കൂടുതൽ സമയം കണ്ടെത്തി നൽകുന്നു. | വർഷം മുഴുവൻ | എസ് ജി | ആർപി ടി എ |
| 2 | രചനാശേഷി വികസിപ്പിക്കൽ | സംയുക്ത ഡയറി സർഗാത്മക ഡയറി | വർഷം മുഴുവൻ | | |
| 3 | അറിവുത്സവം | ആനുകാലികങ്ങൾവായിച്ചു അറിവ് നേടുക,ക്വിസ് മത്സരങ്ങൾ, എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം | വർഷം മുഴുവൻ | | |
| 4 | സർഗ്ഗമേള | സാഹിത്യകാരന്മാരോടൊപ്പം | വർഷത്തിൽ രണ്ടു തവണ | | |

ksmm alps kazhuthallur

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ശേഷി | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് വൊക്കാബുലറി വർധിപ്പിക്കുന്നതിനും ഭാഷ കൂടുതലായി ഉപയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ. | ഒരുവാക്ക് നൽകിബന്ധപ്പെട്ടവാക്കുകൾകണ്ടെത്തുന്നു . | വർഷം മുഴുവൻ | എസ് ജി | ആർപി ടി എ |
| 2 | ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ | ഇംഗ്ലീഷ് അസംബ്ലി,ഇംഗ്ലീഷ് ക്ലാസ്സിൽ അധ്യാപകൻ സംസാരിക്കൽ,കഥാപുസ്തകവായന. | വർഷം മുഴുവൻ | എസ് ജി | ആർ |
| 3 | ഇംഗ്ലീഷ് എഴുത്ത് മെച്ചപ്പെടുത്തൽ | റീഡിങ് കാർഡ് നിർമാണം | വർഷത്തിൽ രണ്ടു തവണ | എസ് ജി | ആർപി ടി എ |

ksmm alps kazhuthallur

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഉല്ലാസ ഗണിതം | ഗണിതം കളികളിലൂടെ പഠിപ്പിക്കുന്നു. | വർഷം മുഴുവൻ | | |
| 2 | ഈസിമാത്സ് | മനക്കണക്കിന് പ്രാധാന്യം നൽകുന്ന പ്രവർത്തങ്ങൾ | | | |
| 3 | ഗണിത വിജയം | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനു ം ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനു ംഅവസരം ഒരുക്കൽ. | | | |

ksmm alps kazhuthallur

# അറബിക്

| അറബിക് അറബിക് ലക്ഷ്യം | അറബിക് പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുമുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക. | ഇ-ടെക്സ്റ്റ് ഉപയോഗിച്ചു അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക. ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക. ദൃശ്യകഥകൾ പ്രദർശിപ്പിക്കുക ലാംഗ്വേജ് ഗെയിംസ് | വർഷം മുഴുവൻ | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ പി ടി എ |
| അക്ഷരരൂപ വ്യത്യാസം മനസിലാക്കുക. | അക്ഷരവായന ക്ലാസ് വായന ചിത്ര വായന വീട്ടു വായന അക്ഷര കാർഡ് ഉപയോഗിച്ചുള്ള കളികൾ ഇ-വായന | വർഷം മുഴുവൻ | | |

ksmm alps kazhuthallur

# ഉപസംഹാരം

ഒരു മനുഷ്യൻറെ സർവ്വതോന്മുഖമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ഒരു നല്ല മനുഷ്യനായി ജീവിക്കുവാൻ വിദ്യാഭ്യാസം കൂടിയേ തീരൂ. നമ്മുടെ ഗവൺമെൻറ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതി ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പോകുന്നതാണ്. ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ksmm alps kazhuthallur